പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1288 10/08/2017 ൽ മറുപടിയ്ക്ക്

# റീ-സർവ്വേ പ്ലാനിൽ മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച ഫയലിന്റെ തുടർനടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശ്രീമതി.ബി.പ്രസന്നകുമാരി, എസ്.പി.ഭവൻ, കൊയ്ത്തൂർക്കോണം, വെള്ളൂർ, അണ്ടൂർക്കോണം, റീ-സർവ്വേ പ്ലാനിൽ മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച് 2014 ൽ തിരുവനന്തപുരം ജില്ലാ സർവ്വേ സൂപ്രണ്ട് വഴി നൽകിയ പരാതിയിൽ ജില്ലാ കളക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br>(ബി) ഫയൽ നമ്പർ J2/26513/2017 ൽ ജില്ലാ കളക്ടർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലായെങ്കിൽ മൂന്നര വർഷമായി ഈ ഫയലിൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ)<br>(ബി) ശ്രീമതി.പ്രസന്നകുമാരിയുടെ റീസർവ്വേ അപാകത സംബന്ധിച്ച പരാതി 05/01/2015 ന് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകുകയും താലൂക്കിലെ ബന്ധപ്പെട്ട ഓഫീസർ 27/07/2015 ന് സർവ്വെ നടപടികൾ ആരംഭിക്കുകയും തുടർന്ന് ആധാര വിസ്തീർണ്ണവും കൈവശ വിസ്തീർണ്ണവും വ്യത്യാസമായതിനാൽ വീണ്ടും സർവ്വേ നടപടികൾ നടത്തി 18/11/2016 ന് ഫയൽ സമർപ്പിക്കുകയും ചെയ്തു. സർവ്വേയർ മുഖാന്തിരം സ്ഥലപരിശോധന നടത്തിയതിന്റെയും ബന്ധപ്പെട്ട റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ വിസ്തീർണ്ണം അംഗീകരിക്കാവുന്നതാണെന്ന് കാണിച്ച് ഹെഡ് ഡ്രാഫ്റ്റ്മാൻ റെക്കോർഡ് തയ്യാറാക്കി നൽകിയതിനെ തുടർന്ന് 10/04/2017 ന് ഫയൽ ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസിൽ നൽകുകയുണ്ടായി. 03/08/2017 ന് ജില്ലാ സർവ്വേ സൂപ്രണ്ട്, വിസ്തീർണ്ണ വ്യത്യാസം (ഫോം 97) അംഗീകരിച്ച് ഫോം നം. 14, കക്ഷികൾക്ക് അയയ്ക്കുന്നതിനായി താലൂക്കിലേയ്ക്ക് കൈമാറുകയും ചെയ്തു. ആയത് 04/08/2017 ന് ബന്ധപ്പെട്ട കക്ഷികൾക്ക് അയയ്ക്കുകയും ചെയ്തു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആക്ഷേപമൊന്നും ലഭ്യമായില്ലെങ്കിൽ ടി വിവരം ഉറപ്പ് വരുത്തി എഫ്.എം.ബി, എസ്.ഡി. സ്കെച്ച് എന്നിവ അംഗീകരിക്കുന്നതിന് തിരുവനന്തപുരം തഹസീൽദാർ ഫയൽ ജില്ലാ സർവ്വെ സൂപ്രണ്ടിന് കൈമാറുന്നതാണ്. 31 വില്ലേജുകൾ ഉൾപ്പെട്ട തിരുവനന്തപുരം താലൂക്കിൽ നിലവിൽ എല്ലാ സർവ്വെ ജോലികളും ചെയ്യുന്നതിന് 6 സർവ്വെയർമാർ മാത്രമാണുള്ളത്. ഇക്കാരണത്താൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പാവപ്പെട്ട ഒരു പട്ടികജാതി കുടുംബത്തിന്റെ പരാതിയിൽ ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിരിക്കുന്ന വീഴ്ച പരിശോധിച്ച് ഇവർക്ക് നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | നിലവിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കുമോ; 2014 മുതൽ ഈ ഫയലിൽ തീരുമാനമെടുക്കുന്ന തിനും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ഏതൊക്കെ സീറ്റുകളിലാണ് കാലതാമസം നേരിട്ടതെന്ന് അറിയിക്കുമോ ? | (ഡി) | ടി ഫയൽ നിലവിൽ തിരുവനന്തപുരം താലൂക്ക് തഹസീൽദാർ (എൽ.ആർ)ന്റെ പക്കലാണുള്ളത്. ജില്ലാ കളക്ടർക്ക് നൽകിയ പരാതി 05/01/2015 ന് തിരുവനന്തപുരം താലൂക്ക് ബന്ധപ്പെട്ട ഓഫീസർക്ക് നൽകുകയും 27/07/2015 ൽ സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തു. 05/03/2016 ന് വീണ്ടും നടപടികൾ നടത്തുകയും ഓഫീസിൽ നൽകുകയും താലൂക്ക് ഓഫീസർ 27/07/2015 ന് സർവ്വെ നടപടികൾ ആരംഭിക്കുകയും ആധാര വിസ്തീർണ്ണവും കൈവശ വിസ്തീർണ്ണവും വ്യത്യാസമായതിനാൽ വീണ്ടും സർവ്വേ നടപടികൾ നടത്തി 18/11/2016 ന് ഫയൽ സമർപ്പിച്ചു തുടർന്ന് 23/03/2017 ന് സമ്മതപത്രത്തിനായി കത്ത് നൽകുകയും 24/03/2017, 30/03/2017 എന്നീ തീയതികളിൽ ശ്രീമതി.കുശലയും ശ്രീമതി. പ്രസന്നകുമാരിയും സമ്മതപത്രം നൽകുകയും ചെയ്തു. തപാൽ സെക്ഷനിൽ 10/04/2017 ൽ ലഭിച്ച പ്രസ്തുത ഫയൽ 21/04/2017 ന് സർവ്വെ സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. 03/08/2017 ന് ഫോറം നമ്പർ 97 ൽ വിസ്തീർണ്ണം അംഗീകരിച്ച് ഫോറം നമ്പർ 14 കക്ഷികൾക്ക് അയയ്ക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ